പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4013 11.11.2019 ൽ മറുപടിയ്ക്ക്

നെടുമങ്ങാട് മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ

ചോദ്യം
ശ്രീ.സി.ദിവാകരൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ അനുവദിക്കണമെന്ന ആവശ്യമുന്നയിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അവ എവിടെയൊക്കെ വേണമെന്നാണ് ആവശ്യപ്പെട്ടിരുന്നതെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ നെടുമങ്ങാട് നഗരസഭയിലെ കരിങ്ങാകോളനി കാഞ്ഞിരംപാറ, മാണിക്കൽ ഗ്രാമപഞ്ചായത്തിലെ തലേക്കുന്ന്, വെമ്പായം ഗ്രാമപഞ്ചായത്തിലെ അയിരൂപ്പാറ, നെടുമങ്ങാട് നഗരസഭയിലെ പൂവത്തൂർ, പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട് എന്നീ സ്ഥലങ്ങളിലും കരകുളം, ആണ്ടൂർകോണം ഗ്രാമപഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിവേദനങ്ങൾ പരിശോധിച്ച് എവിടെയെല്ലാമാണ് മാവേലി സ്റ്റോറുകൾ അനുവദിക്കാൻ തീരുമാനം എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; ഇക്കാര്യത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | ടി സ്ഥലങ്ങളിൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളും വാടക രഹിത കെട്ടിടവും ഏർപ്പെടുത്തി നൽകുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് വിപണന സാധ്യതയും ജീവനക്കാരുടെ ലഭ്യതയുംകൂടി പരിഗണിച്ച് പുതിയ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ